**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി തിരുവനന്തപുരം മേഖല ഓഫീസിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി തിരുവനന്തപുരം മേഖല ഓഫീസിൽ അദ്ധ്യാപകരുടെ പെൻഷൻ, പ്രിൻസിപ്പൽ നിയമനം എന്നിവ സംബന്ധിച്ച ഫയലുകൾ അംഗീകാരം ലഭിക്കാതെ വളരെ നാളുകളായി കിടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുയെന്ന് വ്യക്തമാക്കുമോ; | (ബി) | **പെൻഷൻ, നിയമന അംഗീകാരം തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള ഫയലുകളിൽ മുൻഗണനാ ക്രമത്തിൽ നടപടികൾ സ്വീകരിക്കുവാൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | ഒരു മേഖല ഡയറക്ടറും അക്കൗണ്ട് ഓഫീസറും ഓഫീസിന്റെ മേൽനോട്ടം വഹിക്കുമ്പോൾ എന്തുകൊണ്ട് ഫയലുകൾ വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്നു എന്നത് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; | (സി) | ഹയർസെക്കൻഡറി തിരുവനന്തപുരം **റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ സർക്കാർ തലത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടറും നേരിട്ട് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.** |
| (ഡി) | അഞ്ച് വർഷം കഴിഞ്ഞ എത്ര ഫയലുകൾ തീർപ്പാകാതെ കിടക്കുന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) | **22 ഫയലുകൾ.** |

സെക്ഷൻ ഓഫീസർ